## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.707 29/01/2019 ൽ മറുപടിക്ക്

### <u>ശബരിമലയിൽ ഓൺലൈൻ സംവിധാനം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നിലവിൽ ശബരിമലയിൽ ദർശനത്തിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് എപ്പോഴൊക്കെയാണ്; ഓൺലൈൻ സംവിധാനം വഴി എത്രപേർക്കാണ് ഒരു ദിവസം ദർശനം സാധ്യമാക്കാൻ കഴിയുക എന്നറിയിക്കാമോ; | (എ) | 2012-2013 മുതലുള്ള മണ്ഡല-മകരവിളക്ക് കാലഘട്ടത്തിൽ ശബരിമല തീർത്ഥാടനത്തിന് സഹായകമാകുന്ന ഓൺലൈൻ ഡിജിറ്റിലൈസ്ഡ് ക്രൗഡ് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തി വന്നിട്ടുണ്ട്. 2018-2019 മണ്ഡല- മകരവിളക്ക് കാലഘട്ടത്തിൽ ഒരു ദിവസം കുറഞ്ഞത് 15,000 മുതൽ 50,000 വരെ ഭക്തർക്ക് ശബരിമല തീർത്ഥാടനത്തിന് വേണ്ട ക്രമീകരണങ്ങൾ ഓൺലൈൻ സംവിധാനം വഴി ഏർപ്പെടുത്തിയിരുന്നു. |
| (ബി) | അടുത്ത മണ്ഡല-മകരവിളക്ക് സീസൺ മുതൽ ദർശനം നടത്തേണ്ട തീർത്ഥാടകരെ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) യും (സി) | ഇത് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല. |
| (സി) | സന്നിധാനത്ത് മുറിയെടുക്കേണ്ട തീർത്ഥാടകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ മാത്രം മുറി നൽകുന്നതിനും കൂടുതൽ സമയം അവിടെ തങ്ങുന്നത് ഒഴിവാക്കുവാനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ